


**ഒഴുക്ക്**
വി.ആർ. അജിത് കുമാർ
കറന്റ് ബുക്സ്, കോട്ടയം
വില: 100 രൂപ

മധ്യവയസ്കരായ അഞ്ചു ചങ്ങാതിമാർ ജീവിതത്തിന്റെ ആവർത്തനങ്ങൾ മടുത്ത്, ബാല്യകൗമാരങ്ങളിലേയ്ക്ക് ഗൃഹാതുരതയോടെ നടത്തുന്ന പിൻമടക്കമാണ് ഈ നോവലിന്റെ പ്രമേയം. ബാല്യകൗമാരങ്ങൾ ചെലവിട്ട നാടുകളിലേയ്ക്കുള്ള അവരുടെ യാത്രകൾ ജീവിതത്തിന്റെ അർത്ഥാന്വേഷണം തന്നെയായി പരിണമിക്കുന്നു. പാരായണക്ഷമമായ ആഖ്യാനം.




**അമ്മ**
മാക്സിം ഗോർക്കി
മീഡിയ ഹൗസ്, കോഴിക്കോട്
വില: 280 രൂപ

ഒരു നൂറ്റാണ്ടുമുൻപ് രചിക്കപ്പെട്ട മാക്സിം ഗോർക്കിയുടെ 'അമ്മ' ലോകത്തേറ്റവും കൂടുതൽ വായിക്കപ്പെട്ട നോവലായാണ് അറിയപ്പെടുന്നത്. മലയാളത്തിൽ മുൻപും അമ്മയുടെ പരിഭാഷകളുണ്ടായിട്ടുണ്ടെങ്കിലും പാലാ എസ്.കെ. നായർ വിവർത്തനം ചെയ്ത ഈ പതിപ്പ് മൂലഗ്രന്ഥത്തോട് പരമാവധി പ്രതിബദ്ധത പുലർത്താൻ ശ്രമിച്ചിരിക്കുന്നതിനാൽ ഏറെ വ്യത്യസ്തമാണെന്ന് പ്രസാധകർ അവകാശപ്പെടുന്നു.




**ഏകാന്തത പോലെ തിരക്കേറിയ വേറെ പ്രവൃത്തിയില്ല**
എൻ ശശിധരൻ
എൽ– ഡോറാഡോ
തലശ്ശേരി
വില: 70 രൂപ

ജീവിതം, പുസ്തകം, ഓർമ്മ, സിനിമ എന്നീ തലക്കെട്ടുകളിൽ ഏതാനും ലേഖനങ്ങൾ. വ്യത്യസ്തവും പ്രസക്തവും ആയ ചിന്തകൾ. വായനക്കാരനെ സ്പർശിക്കുന്ന ഈ ലേഖനങ്ങളിലെ ആശയങ്ങൾ പലതും നമ്മെ ആശ്ചര്യപ്പെടുത്തും, ഏതാണ്ട് ഇങ്ങനെയൊക്കെ തന്നെ തനിക്കും എപ്പോഴൊക്കെയോ തോന്നിയിട്ടില്ലേ എന്ന ചിന്തയോടെ.




**പ്രകാശനം**
ഹരിദാസ് കരിവെള്ളൂർ
ഇൻസൈറ്റ് ബുക്സ്
കോഴിക്കോട്
വില: 60 രൂപ

ഈ നോവലിൽ ഒരു കലാസമിതിയുണ്ട്. വളരെ പഴകിയ ആ സ്ഥാപനം മുപ്പതുവയസ്സിനു താഴെയുള്ളവരുടെ ആത്മകഥാമത്സരം സംഘടിപ്പിക്കുന്നു. പുതിയ തലമുറയുടെ ജീവിതം കൃത്യമായി രേഖപ്പെടുത്തുകയാണ് ഉദ്ദേശ്യം. മത്സരത്തിൽ സമ്മാനം നേടുന്ന മൂന്നു ആത്മകഥകളാണ് ഈ നോവൽ. നോവൽ സാഹിത്യരംഗത്തെ പുതുമയാർന്ന ഒരു പരീക്ഷണം.

## പെരുമ്പടവത്തിന്റെ പുസ്തകങ്ങൾ




ഒട്ടേറെ വായനക്കാരെ ആകർഷിച്ച രണ്ടു പഴയ പുസ്തകങ്ങളുടെ പുതിയ പതിപ്പുകൾ കൊല്ലത്തെ സങ്കീർത്തനം ബുക്സ് പുറത്തിറങ്ങിയിരിക്കുന്നു. പെരുമ്പടവം ശ്രീധരന്റെ ഒറ്റച്ചിലമ്പ് (വില: 150 രൂപ), ഇരുട്ടിൽ പറക്കുന്ന പക്ഷി (വില: 110 രൂപ) എന്നിവയാണവ. ഭക്തിയുടെയും വിശ്വാസത്തിന്റെയും ചുഴിയിൽ വീണുപോയ ഒരാത്മാവിന്റെ ദുരന്തമാണ് ഒറ്റിച്ചിലമ്പ് എന്ന നോവൽ. ഇരുട്ടിൽ പറക്കുന്ന പക്ഷി, വെസ്പ്യക്കാന എന്നീ ചെറുനോവലുകൾ ഉൾക്കൊള്ളുന്നതാണ് രണ്ടാമത്തെ പുസ്തകം.






**ലാവ്‌ലിൻ സ്റ്റാർസിംഗർ**
കോശി എം കോശി
പ്രാസാധനം:
ഗ്രന്ഥകർത്താ
വില: 100 രൂപ

കോൺഗ്രസ്സുകാരനായ ഗ്രന്ഥകർത്താവിന്റെ പൊളിറ്റിക്കൽ സറ്റയറാണിത്. "ഈ സമാഹാരത്തിലെ ഒന്നെങ്കിലും മലയാളത്തിലെ ഏറ്റവും മികച്ച പൊളിറ്റിക്കൽ സറ്റയറുകളിലൊന്നാണ്. ഇന്ത്യാവിഷന്റെ ന്യൂസ്നൈറ്റിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഈ സറ്റയർ നല്ല കയ്യൊതുക്കവും രാഷ്ട്രീയ ജാഗ്രതയും നർമ്മബോധവും പ്രകടിപ്പിക്കുന്നു" എന്ന് ആമുഖത്തിൽ സിവിക് ചന്ദ്രൻ.



**വേലുത്തമ്പി ദളവയും ഇന്ത്യൻ സ്വാതന്ത്ര്യസമരവും**
ഡോ. റ്റി. പി. ശങ്കരൻകുട്ടി നായർ
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കേരള സ്റ്റഡീസ്
(വിജയലക്ഷ്മി പബ്ലിക്കേഷൻസ്)
തിരുവനന്തപുരം
വില: 40 രൂപ

ദക്ഷിണേന്ത്യയിലെ വീരനായകനായി സുഭാഷ്ബോസ് പ്രഖ്യാപിച്ച വേലുത്തമ്പി ദളവയുടെ ലഘുചരിത്രം. ഈ ധീരദേശാഭിമാനിയുടെ കുണ്ടറവിളംബരത്തിന്റെയും ആത്മത്യാഗത്തിന്റെയും (മാർച്ച് 28, 1809) ഇരുന്നൂറാം വർഷാചരണത്തിന്റെ സമാപ്തി കുറിച്ചുകൊണ്ട് 201–ാം വർഷത്തിലാണ് ഇതു പ്രകാശനം ചെയ്യുന്നത്.



**മഗ്‌രിബ് സിനിമ ചരിത്രവും വർത്തമാനവും**
കുഞ്ഞിക്കണ്ണൻ വാണിമേൽ
അടയാളം
വില: 75 രൂപ

കൊളോണിയലിസം രൂപപ്പെടുത്തിയ നോട്ടസംസ്കാരത്തിനെതിരെ പ്രതിരോധഭാഷ സൃഷ്ടിച്ചെടുക്കുകയാണ് മഗ്‌രിബ് രാജ്യങ്ങൾ (അൾജീരിയ, ടു

ണിഷ്യ, മൊറോക്കോ) ചെയ്യുന്നത്. ചരിത്രത്തെയും സംസ്കൃതിയെയും അനുഭവങ്ങളെയും വർത്തമാനത്തിലേക്ക് മാറ്റിനിർത്തി പുതിയ ചരിത്രാവബോധവും തനിമയും നിർമ്മിച്ചെടുക്കാനുള്ള ശ്രമമാണ് മഗ്‌രിബ് സിനിമകൾ. അതിനെക്കുറിച്ചുള്ള പുസ്തകം.

## ജീവിതവിജയത്തിനുള്ള പുസ്തകങ്ങൾ





എൻജിനിയറിംങും മനഃശാസ്ത്രവും ഉൾപ്പെടെ വിവിധ രംഗങ്ങളിൽ പ്രാഗത്ഭ്യമുള്ള ജോൺ മുഴുത്തേറ്റ് രചിച്ച പുസ്തകങ്ങളാണ് **ജീവിതം സന്തുഷ്ടമാക്കാൻ നിത്യയൗവനം നേടാൻ** (ക്രൈസ്തവ സാഹിത്യ സമിതി, തിരുവല്ല, വില: 120 രൂപ), **സ്ട്രെസ്സ് മനശ്ശാസ്ത്ര, ആത്മീയ പരിഹാരങ്ങൾ** (കറന്റ് ബുക്സ്, തൃശൂർ, വില: 120 രൂപ) എന്നിവ. ഈ രണ്ടു പുസ്തകവും കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ അന്യോന്യം ദൃഢബന്ധമുള്ളവയായതിനാൽ ഇവയുടെ ഉള്ളടക്കങ്ങൾ തമ്മിലും പ്രത്യക്ഷമായ ബന്ധമുണ്ട്. ആദ്യപുസ്തകത്തിൽ ധ്യാനം, ഭക്ഷണം, പ്രകൃതി ചികിത്സ, മരണഭയം തുടങ്ങിയ വിഷയങ്ങൾ ഇതിൽ ചർച്ച ചെയ്യുന്നു. മനോസംഘർഷം ഒഴിവാക്കുന്നതിനുള്ള മാർഗങ്ങളാണ് രണ്ടാമത്തെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. വ്യായാമം, യോഗ, ധ്യാനം, നട്ടെല്ലുസ്നാനം, സൂര്യസ്നാനം, ജലചികിത്സ, ചിരിചികിത്സ തുടങ്ങിയ പല 'സംഘർഷ ശമനി'കളെ കുറിച്ചും ഇതിൽ വിവരിച്ചിരിക്കുന്നു. ഈ പുസ്തകങ്ങളിലെ ആശയങ്ങൾ നടപ്പാക്കുന്ന ഏതു വ്യക്തിയുടെയും ജീവിതാവസ്ഥ മെച്ചപ്പെടുമെന്നതിൽ സംശയം വേണ്ട.



### ലാൽഗഢ് യോജിപ്പും വിയോജിപ്പും

എഡിറ്റർമാർ:
സുനിൽ& ഇർഷാദ്
ബാനർബുക്സ്
കൊല്ലം-20
വില: 100 രൂപ

ആദിവാസികൾ അതിജീവനത്തിനായുള്ള സമരം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചുള്ള വാർത്തകളാണെങ്ങും. ഇന്ത്യയിലും ധാതുസമ്പത്തുള്ള പ്രദേശങ്ങളിലെല്ലാം ബഹുരാഷ്ട്രക്കമ്പനികൾ കണ്ണുവെച്ചിരിക്കുകയാണ്. വികസനത്തിന്റെ പേരിൽ അധികാരികൾ അവർക്ക് ഒത്താശ ചെയ്യുന്നു. ഈ വികസന അജണ്ടയുടെ ഭാഗമാണ് ലാൽഗഢും ഗ്രീൻഹണ്ടും(ആദിവാസി വേട്ട). ഈ വിഷയത്തെക്കുറിച്ച് ഭരണവർഗ- ഇടതുപക്ഷ പാർട്ടികൾ, സാമൂഹിക- സാംസ്കാരിക പ്രവർത്തകർ, മാവോയിസ്റ്റുകൾ എന്നിങ്ങനെ വിഭിന്നപക്ഷക്കാരുടെ അഭിപ്രായങ്ങളാണ് ഈ പുസ്തകത്തിൽ.



### ചിതയുടെ അർത്ഥം

എം.എൻ. വിജയൻ
എഡിറ്റർ:
ജയ്സൺ ജോസ്
സംവേദനം
പബ്ലിഷേഴ്സ്,
തൊടുപുഴ
വില: 97 രൂപ

സാഹിത്യ-രാഷ്ട്രീയ-സാംസ്കാരിക മണ്ഡലങ്ങളിൽ വ്യതിരിക്തമായതും സ്വന്തമായതുമായ ഇടം നേടിയിട്ടുള്ള വ്യക്തിത്വമായ എം. എൻ. വിജയനെക്കുറിച്ച് പ്രമുഖർ എഴുതിയ കുറിപ്പുകളുടെ സമാഹാരം. പ്രൊഫസർ എം. കെ. സാനു, സി. ആർ. നീലകണ്ഠൻ, കണിമോൾ, വി. ആർ. സുധീഷ് തുടങ്ങിയവർ ഇതിൽ എഴുതിയിട്ടുണ്ട്. ഇവ ഓർമ്മക്കുറിപ്പുകളല്ലെന്നും എല്ലാവരും ഉറങ്ങുമ്പോൾ ഉണർന്നിരിക്കുകയും എല്ലാവരും നിശ്ശബ്ദരായിരിക്കുമ്പോൾ ഉച്ചത്തിൽ സംസാരിക്കുകയും ചെയ്ത വിജയൻമാഷിന്റെ മുന്നറിയിപ്പുകളിലൂടെയുള്ള പ്രയാണമാണ് എന്നും പുസ്തകത്തിന്റെ തുടക്കത്തിലേ എഡിറ്റർ വ്യക്തമാക്കുന്നു.



### ശരീരഭാഷ

ഹരിദാസ്
കരിവെള്ളൂർ
ഇൻസൈറ്റ് ബുക്സ്
വില: 50 രൂപ

ശരീരഭാഷ, മുന്തിരിവള്ളികൾ എന്നിങ്ങനെ രണ്ടു ലഘുനോവലുകൾ ചേർത്തുവെച്ചതാണ് ഈ പുസ്തകം. ഡോ. സുദർശന്റെയും മാളവികയുടെയും ദേവേന്ദുവിന്റെയും ഒക്കെ കഥയാണ് 'ശരീരഭാഷ'. "ഇരുട്ടുപൂശിയ അകത്തളങ്ങളും ദൈവഗന്ധം നിറഞ്ഞ കൊട്ടിലകവും നടമുറ്റവും തുളസിത്തറയുമൊക്കെയുള്ള" ഒരു തറവാട്ടിൽ നിന്നാണ് 'മുന്തിരിവള്ളികൾ' എന്ന നോവൽ ആരംഭിക്കുന്നത്. പ്രഥമപുരുഷ സർവനാമത്തിലാണ് ഈ കൃതിയുടെ ആഖ്യാനം. സാമ്പ്രദായിക നോവൽ സങ്കൽപ്പങ്ങളെ മറികടക്കുന്ന സൃഷ്ടികൾ.



### ജ്യോതിഷം ശാസ്ത്രമോ അന്ധവിശ്വാസമോ?

ഉസ്മാൻ പാലക്കാഴി
ദഅ്‌വ ബുക്സ്
കൊച്ചിൻ-19
വില: 30 രൂപ

ജ്യോതിഷം ശാസ്ത്രമല്ലെന്നും അത് അടിസ്ഥാനപരമായി തെറ്റായ ഒരു സങ്കല്പം മാത്രമാണെന്നും സ്ഥാപിക്കാനാണ് ഗ്രന്ഥകാരൻ ശ്രമിക്കുന്നത്. ശാസ്ത്രത്തിന്റെ മുഖംമൂടിയണിഞ്ഞ അന്ധവിശ്വാസം, ജ്യോതിഷവും ജ്യോതിശാസ്ത്രവും, പൊരുത്തത്തിലെ പൊരുത്തക്കേടുകൾ, ജ്യോതിഷവും ഗ്രഹങ്ങളും, തെരഞ്ഞെടുപ്പും പ്രവചനങ്ങളും എന്നിങ്ങനെ എട്ടു ലേഖനങ്ങൾ ഈ ചെറിയ പുസ്തകത്തിലുണ്ട്. ജ്യോതിഷവും ഇസ്‌ലാമും എന്ന ലേഖനത്തിൽ "ചൂഷണത്തിലധിഷ്ഠിതമായ ഇത്തരത്തിലുള്ള സകല അന്ധവിശ്വാസങ്ങളുടെയും അടിവേരറുത്ത മതമാണ് ഇസ്‌ലാം. പ്രപഞ്ചസ്രഷ്ടാവിന്റെ സൃഷ്ടിജാലങ്ങളിൽ പെട്ടതാണ് നക്ഷത്രങ്ങളും ഗ്രഹങ്ങളുമെല്ലാം. അവയെ നിയന്ത്രിക്കുന്നത് അല്ലാഹു മാത്രമാണ്" എന്ന് ലേഖകൻ ഖണ്ഡിതമായി പറയുന്നു.